## I. നമുക്ക് ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായും നിധിയായും അനുഭവമാക്കുവാനും ആസ്വദിക്കുവാനും കഴിയുമെന്ന് 2 കൊരിന്ത്യർ 4:4-7 നമ്മെ കാണിക്കുന്നു:

- പുറമെ നാം ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായി വഹിക്കുകയും, ഉള്ളിൽ ക്രിസ്തു നമുക്കു നിധിയായുണ്ടായിരിക്കുകയും വേണം. ദൈവത്തിന്റെ സ്വരൂപം ക്രിസ്തുവിനെ നമ്മുടെ ബാഹ്യമായ ആവിഷ്കാരമായും, അതേസമയം നിധി ക്രിസ്തുവിനെ നമ്മുടെ ആന്തരിക ഉള്ളടക്കമായും സൂചിപ്പിക്കുന്നു. എബ്രായർ 1:3 അനുസരിച്ച്, ക്രിസ്തു ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയാണ്; അതായത്, അവൻ ദൈവത്തിന്റെ സ്വരൂപത്തിന്റെ ആവിഷ്കാരമാണ്. ദൈവത്തിന്റെ സ്വരൂപമായ ക്രിസ്തു ദൈവത്തിന്റെ പ്രഖ്യാപനം, ആവിഷ്കാരം ആണ്; അവൻ ദൈവത്തെ പ്രഖ്യാപിക്കുകയും ദൈവത്തെ ആവിഷ്കരിക്കുകയും ചെയ്യുന്നു. ക്രിസ്തു "അദൃശ്യനായ ദൈവത്തിന്റെ സ്വരൂപം" ആണെന്ന് കൊലൊസ്സ്യർ 1:15 പറയുന്നു; ഇവിടെ സ്വരൂപം ഒരു ഭൗതിക രൂപമല്ല, ദൈവത്തിന്റെ എല്ലാ സദ്ഗുണങ്ങളിലും നന്മകളിലുമുള്ള അവന്റെ ആളത്തത്തിന്റെ ആവിഷ്കാരമാണ്. ദൈവത്തിന്റെ സ്വരൂപമായ ക്രിസ്തുവിനെ സംബന്ധിച്ച വ്യക്തമായ ഒരു വീക്ഷണം നമുക്കുണ്ടായിരിക്കുന്ന അളവോളം നമ്മുടെ മനസ്സ് പുതുക്കപ്പെടണം. [Heb. 1:3] അവൻ, ദൈവതേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും,... [Col. 1:15] അവൻ അദൃശ്യനായ ദൈവത്തിന്റെ സ്വരൂപവും, സകല സൃഷ്ടിയിലും ആദ്യജാതനും ആകുന്നു, [Rom. 12:2] ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

## II. 2 കൊരിന്ത്യർ 4:4-ൽ പൗലൊസ് "ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനത്തെ"ക്കുറിച്ച് സംസാരിക്കുന്നു:

- ഈ ലോകത്തിന്റെ അധിപനായ ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നുവെന്നും ഈ വാക്യത്തിൽ പൗലൊസ് നമ്മെ അറിയിക്കുന്നു. എല്ലാ ജനവും ഇന്ന് ഈ യുഗത്തിന്റെ ദൈവത്താൽ കുരുടാക്കപ്പെട്ടിരിക്കുന്നു. ദിവ്യ വെളിച്ചം പ്രകാശിക്കുകയും, നാം വെളിപാട് പ്രാപിക്കുകയും ചെയ്യുവാൻ നാം പ്രാർത്ഥിക്കണം. നമ്മുടെ ധാരണകൾ നാം വിട്ടുകളഞ്ഞ് നമ്മുടെ ഹൃദയത്തെ കർത്താവിലേക്ക് തിരിക്കുകയാണെങ്കിൽ, മൂടുപടങ്ങൾ നീക്കപ്പെടുകയും, ഈ യുഗത്തിന്റെ ദൈവത്തിന് നമ്മുടെ ആളത്തത്തിൽ അടിത്തറ ഇല്ലാതിരിക്കുകയും ചെയ്യും. ദൈവം അദൃശ്യനാണ്, എന്നാൽ ദൈവത്തിന്റെ തേജസ്സിന്റെ പ്രഭയും അവന്റെ സത്തയുടെ മുദ്രയും ആയ ദൈവത്തിന്റെ സ്നേഹപുത്രനായ ക്രിസ്തു, ദൈവം താൻ ആയിരിക്കുന്നതിനെ ആവിഷ്കരിക്കുന്ന അവന്റെ സ്വരൂപമാണ്. ദൈവം അദൃശ്യനാണെങ്കിലും, അവൻ ജീവനുള്ള ഒരു വ്യക്തിയാൽ, അതായത് ദൈവപുത്രനായ യേശു ക്രിസ്തുവിനാൽ ആവിഷ്കരിക്കപ്പെടുന്നു. [2 Cor. 4:4] അവരിൽ ദൈവസ്വരൂപമായ ക്രിസ്തുവിന്റെ തേജസ്സിന്റെ സുവിശേഷത്തിന്റെ പ്രകാശനം ശോഭിക്കാതിരിക്കുവാൻ, ഈ യുഗത്തിന്റെ ദൈവം അവിശ്വാസികളുടെ ചിന്തകളെ കുരുടാക്കിയിരിക്കുന്നു. [2 Cor. 3:16] എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.
  [John 1:18] ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല; പിതാവിന്റെ മാറിലിരിക്കുന്ന ഏകജാതനായ പുത്രൻ, അവനെ പ്രഖ്യാപിച്ചിരിക്കുന്നു..

## III. "ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്"

- നമ്മിലുള്ള ജീവൻ-നൽകുന്ന ആത്മാവായ ക്രിസ്തു പ്രകാശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നവനാണ്; ഇതാണ് നമ്മിലുള്ള നമ്മുടെ നിധി. നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ പ്രകാശിക്കൽ നമ്മിലേക്ക് തേജസ്സിന്റെ ക്രിസ്തു എന്ന ഒരു നിധിയെ കൊണ്ടുവരുന്നു; അവൻ നമ്മുടെ ജീവനും നമ്മുടെ സകലവുമായിരിക്കുവാനുള്ള ദൈവത്തിന്റെ ദേഹരൂപമാണ്. നമ്മുടെ ഹൃദയങ്ങളിലുള്ള പ്രകാശിക്കൽ നിമിത്തം അത്ഭുതകരവും, അമൂല്യവും, ആശ്ചര്യകരവുമായ ഒരു നിധി നമുക്കുണ്ട്. മൺപാത്രങ്ങളായ നമ്മിൽ ഉൾവസിക്കുന്ന ക്രിസ്തു എന്ന ഈ നിധി ക്രിസ്തീയ ജീവിതത്തിനു വേണ്ടിയുള്ള സഹായത്തിന്റെ ദിവ്യ ഉറവിടമാണ്. നമ്മുടെ ഹൃദയങ്ങളിലുള്ള ദൈവത്തിന്റെ പ്രകാശിക്കൽ ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവത്തിന്റെ തേജസ്സ് നാം അറിയേണ്ടതിന് നമ്മെ പ്രകാശിപ്പിക്കുന്നതിനാണ്. അക്ഷരാർഥത്തിൽ, 2 കൊരിന്ത്യർ 4:6-ലെ മുഖം എന്നതിനുള്ള യവനപദം 2:10-ൽ "വ്യക്തി" എന്ന് വിവർത്തനം ചെയ്തിരിക്കുന്ന അതേ പദമാണ്; അത് കണ്ണുകൾക്ക് ചുറ്റുമുള്ള ഭാഗത്തെ, ഒരു വ്യക്തിയെ മുഴുവനായി കാണിക്കുകയും വെളിവാക്കുകയും ചെയ്യുന്ന ആന്തരിക ചിന്തകളുടെയും വികാരങ്ങളുടെയും ഭാവാവിഷ്കാരമായ നോട്ടത്തെ സൂചിപ്പിക്കുന്നു. യേശു ക്രിസ്തുവിന്റെ മുഖത്തെ നാം കാണുന്നതുവരെ നമ്മുടെ ഉള്ളിൽ ഒരു നിധി ഉണ്ടെന്ന് നാം മനസ്സിലാക്കുകയില്ല. ക്രിസ്തുവിന്റെ ആളത്തത്തിന്റെ ഭാവാവിഷ്കാരത്തെ നോക്കിക്കൊണ്ട് നാം അവന്റെ സാന്നിധ്യത്തിൽ ജീവിക്കുമ്പോൾ മാത്രമേ അവൻ നമുക്ക് നിധിയാണെന്ന് നാം മനസ്സിലാക്കുകയുള്ളൂ.

തന്റെ ഉദ്ദേശ്യം നിറവേറ്റുന്നതിലുള്ള ദൈവത്തിന്റെ നടപടിക്രമത്തിന്റെ ഒന്നാമത്തെ പടി ജീവനായി അവനെത്തന്നെ ഉൾക്കൊള്ളുന്ന ഒരു മൺപാത്രമായി മനുഷ്യനെ സൃഷ്ടിക്കുക എന്നതായിരുന്നു. നാം ത്രിയേക ദൈവത്തെക്കൊണ്ട് നിറഞ്ഞ മാനപാത്രങ്ങളായിരിക്കുന്നതിനായി ദൈവം നമ്മെ തിരഞ്ഞെടുത്തു. ദൈവത്തെ സ്നേഹിക്കുകയും അവനായി തുറന്നിരിക്കുകയും ചെയ്യുന്ന പാത്രങ്ങളായ വിശ്വാസികളെ ദൈവം ആഗ്രഹിക്കുന്നുവെന്ന് പുതിയനിയമം നമ്മെ കാണിക്കുന്നു. നമ്മുടെ ആളത്തത്തിന്റെ ആഴങ്ങളിൽ നാം കർത്താവിനായി തുറക്കപ്പെടുന്നില്ലെങ്കിൽ, അവനെത്തന്നെ നമ്മിലേക്ക് പകരുവാനും നമ്മുടെ ഹൃദയത്തിൽ അവന്റെ ഭവനം പണിയുവാനും അവന് കഴിയുകയില്ല. കർത്താവ് നമ്മെ നിറയ്ക്കുമ്പോൾ, അവൻ നമുക്കുവേണ്ടി സകലവും ചെയ്യുന്നു. നാം മൺപാത്രങ്ങളായതുകൊണ്ട് നാം ബലഹീനരാണ്; എങ്കിലും, താൻ ചെയ്യുവാൻ ആഗ്രഹിക്കുന്നതെല്ലാം ചെയ്യാനുള്ള എല്ലാ അവസരങ്ങളും അവന് നൽകിക്കൊണ്ട് പാത്രങ്ങളായ നമ്മിലുള്ള നിധി കർത്താവിനായി നമ്മെത്തന്നെ തുറന്നുവയ്ക്കുവാൻ, നമ്മെ പ്രാപ്തരാക്കുന്നു; ഇതാണ് ശരിയായതും യഥാർഥവുമായ ക്രിസ്തീയ ജീവിതം [2 Cor. 4:6] എന്തുകൊണ്ടെന്നാൽ ഇരുട്ടിൽനിന്ന് വെളിച്ചം പ്രകാശിക്കും എന്ന് പറഞ്ഞ ദൈവമാകുന്നു, യേശു ക്രിസ്തുവിന്റെ മുഖത്തിലുള്ള ദൈവതേജസ്സിന്റെ പരിജ്ഞാനം ശോഭിക്കുവാൻ ഞങ്ങളുടെ ഹൃദയങ്ങളിൽ പ്രകാശിച്ചവൻ. [2 Cor. 2:10] ...ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു;
[Rom. 9:23] തേജസ്സിനായി മുന്നൊരുക്കിയ, കരുണാപാത്രങ്ങളുടെമേൽ തന്റെ തേജസ്സിന്റെ ധനം അറിയിക്കേണ്ടതിന്,
[Gal. 2:20] ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു;...

## IV. "ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്"

- നാം മൺപാത്രങ്ങളാണെന്ന വസ്തുത, ശക്തിയുടെ ശ്രേഷ്ഠത ദൈവത്തിൽനിന്നാണെന്നും നമ്മിൽ നിന്നല്ലെന്നും തെളിയിക്കുന്നു. നമ്മിൽത്തന്നെ നാം മൺപാത്രങ്ങളല്ലാതെ മറ്റൊന്നുമല്ല; നാം പാപികളും വീണുപോയവരും താണനിലയിലുള്ളവരുമാണ്. ആ നിലയിൽ, സത്യത്തെ വെളിവാക്കുവാനും സുവിശേഷത്തിന്റെ തേജസ്സ് പ്രകാശിപ്പിക്കുവാനുമുള്ള ശക്തി നമുക്കില്ല. നാം വിലയില്ലാത്ത മൺപാത്രങ്ങളാണെങ്കിലും, ദൈവം നമ്മിലേക്ക് വിലയേറിയ നിധിയെ പ്രകാശിപ്പിച്ചിരിക്കുന്നു. ഈ നിധിക്ക് ശക്തിയുണ്ട്, ഈ ശക്തി ശ്രേഷ്ഠമാണ്. ബാഹ്യമായി, നാം മൺപാത്രങ്ങളാണ്, എന്നാൽ ആന്തരികമായി നമുക്ക് വിലമതിക്കാനാകാത്ത ഒരു നിധിയുണ്ട്—സർവവും-ഉൾക്കൊള്ളുന്ന ജീവൻ-നൽകുന്ന ആത്മാവാകുവാൻ പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു. നമ്മുടെ ഉള്ളിൽ, അത്ഭുതകരമായ ഒരു നിധിയായി നമുക്ക് ക്രിസ്തു ഉണ്ട്; ബാഹ്യമായി, നാം ത്രിയേക ദൈവത്തിന്റെ ആവിഷ്കാരമായ ക്രിസ്തുവിനെ ദൈവത്തിന്റെ സ്വരൂപമായി വഹിക്കുന്നു. നാം കർത്താവായ യേശുവിൽ വിശ്വസിച്ചപ്പോൾ, കേവലം ഒരു വീണ്ടെടുപ്പുകാരനേക്കാൾ അധികം നാം സ്വീകരിച്ചു; പ്രപഞ്ചത്തിലെ ഏറ്റവും ശ്രേഷ്ഠനായവനെ നാം സ്വീകരിച്ചു. അകമെ നിധിയായും പുറമെ സ്വരൂപമായും നാം ക്രിസ്തുവിനെ അനുഭവമാക്കുകയും ആസ്വദിക്കുകയും വേണം.
[2 Cor. 4:7] എന്നാൽ ഈ ശക്തിയുടെ ശ്രേഷ്ഠത ഞങ്ങളിൽ നിന്നല്ല ദൈവത്തിൽ നിന്നത്രേ എന്നു വരേണ്ടതിന്, ഈ നിധി ഞങ്ങൾക്ക് മൺപാത്രങ്ങളിലത്രേ ഉള്ളത്.
[2 Cor. 3:18] എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.
[Eph. 3:19] പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.